പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 238

# 2025-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 238

# 2025-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

# 2025-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ

കമ്മീഷൻ ആക്റ്റ് ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് (2008-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ തീരുമാനിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.— 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 5-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ "ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരുടെ സംഗതിയിൽ" എന്നീ വാക്കുകൾക്കു പകരം "ഉത്തമർണ്ണ സ്ഥാപനങ്ങളിൽ നിന്നോ ഉത്തമർണ്ണൻമാരിൽ നിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

194/2025.

(ബി) (സി) ഖണ്ഡത്തിൽ "ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾക്ക് പകരം "ഉത്തമർണ്ണ സ്ഥാപനങ്ങളും അല്ലെങ്കിൽ ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾ ചേർക്കുക.

(സി) (ഡി) ഖണ്ഡത്തിൽ "ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾക്ക് പകരം "ഉത്തമർണ്ണ സ്ഥാപനങ്ങളും അല്ലെങ്കിൽ ഉത്തമർണ്ണൻമാരും" എന്നീ വാക്കുകൾ ചേർക്കുക.

(ഡി) (ഡി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ,—

(i) "ഖണ്ഡപ്രകാരം" എന്ന വാക്കിന് പകരം "ഖണ്ഡം പ്രകാരം" എന്ന വാക്കുകൾ ചേർക്കുക;

(ii) "ഉത്തമർണ്ണന്" എന്ന വാക്കിന് പകരം "ഉത്തമർണ്ണ സ്ഥാപന അധികാരിക്കോ ഉത്തമർണ്ണനോ" എന്നീ വാക്കുകൾ ചേർക്കുക.

(ഇ) (ഇ) ഖണ്ഡത്തിൽ,—

(i) "ഉത്തമർണ്ണന്മാരുമായി" എന്ന വാക്കിന് പകരം "ഉത്തമർണ്ണ സ്ഥാപനങ്ങളുമായോ ഉത്തമർണ്ണൻമാരുമായോ" എന്നീ വാക്കുകൾ ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിൽ, "ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണന്മാർക്ക്" എന്നീ വാക്കുകൾക്ക് പകരം " ഉത്തമർണ്ണ സ്ഥാപനങ്ങൾക്കോ ഉത്തമർണ്ണന്മാർക്കോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (7)-ാം ഉപവകുപ്പിൽ,—

(എ) "ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ" എന്നീ വാക്കുകളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

(ബി) "സർക്കാരിനോട്" എന്ന വാക്കിന് പകരം "അതത് സംഗതിപോലെ കേന്ദ്ര/സംസ്ഥാന സർക്കാരിനോട്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

3. <u>6-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ, "2008 ഡിസംബർ 31 വരെയുള്ള" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "കാലാകാലങ്ങളിൽ സർക്കാർ നിർണ്ണയിക്കുന്ന കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

4. <u>9 എ വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 9 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ" എന്നീ വാക്കുകളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

5. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേയ്ക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അല്ലെങ്കിൽ റെഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം അല്ലെങ്കിൽ റെഗുലേഷൻ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള കടാശ്വാസ കമ്മീഷൻ, അപേക്ഷകൾ പരിശോധിച്ച് അർഹത നിർണ്ണയിച്ചുകൊണ്ട് നൽകുന്ന റിപ്പോർട്ടിന്മേൽ സർക്കാർ ഉത്തരവാകുന്ന കടാശ്വാസം നൽകിവരുന്നു. സഹകരണ ബാങ്ക് അല്ലെങ്കിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കാണ് ഇപ്രകാരമുള്ള കടാശ്വാസത്തിന് അർഹതപ്പെട്ടിരുന്നത്. എന്നാൽ കടാശ്വാസ പദ്ധതിയിൻ കീഴിൽ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും വായ്പയെടുത്തവർക്ക് കടാശ്വാസ ആനുകൂല്യം ലഭിക്കുന്നതിന് എസ്.എൽ.ബി.സി.-യുമായി ചർച്ച നടത്തണമെന്ന് കേരള നിയമസഭയുടെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14)-യുടെ ഒന്നാമത് റിപ്പോർട്ടിൽ (ഖണ്ഡിക 26) സർക്കാരിന് ശിപാർശ നൽകിയിരുന്നു.

സർക്കാർ എസ്.എൽ.ബി.സി.-യുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉത്തമർണ്ണ സ്ഥാപനങ്ങളിൽപ്പെടുന്ന ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചതായി സമിതി (2021-2023) യുടെ രണ്ടാമത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ

സർക്കാർ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഉത്തമർണ്ണന്മാരുടെ പക്കൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് പുറമെ ഉത്തമർണ്ണ സ്ഥാപനങ്ങളിലുള്ള അവരുടെ കടബാധ്യതകൾക്കും കടാശ്വാസം ലഭിക്കുമെന്നതിനാൽ ബന്ധപ്പെട്ട 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് തദനുസൃതമായി ഭേദഗതി ചെയ്യപ്പെടേണ്ടതുണ്ട്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

മത്സ്യത്തൊഴിലാളികൾ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്കുകൂടി കടാശ്വാസം അനുവദിക്കുന്നതുവഴി സഞ്ചിതനിധിയിൽ നിന്നും അധിക തുക ചെലവ് വരുന്നതാണ്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ കടാശ്വാസം നൽകുന്ന കാലയളവും ന്യായപലിശ നിരക്കും കടത്തിന്റെ സമുചിത നിലവാരത്തിനനുസൃതമായും ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണത്തിനനുസരിച്ചും ചെലവാകുന്ന തുകയിൽ വ്യത്യാസം വരുന്നതിനാൽ ചെലവ് കൃത്യമായി കണക്കാക്കുന്നതിന് സാധ്യമാകുകയില്ല. എന്നിരുന്നാലും ഇതിലേയ്ക്കായി അൻപത് ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കാവുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിച്ചിട്ടുള്ള പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ സംബന്ധിച്ച് സംസ്ഥാനമൊട്ടാകെ ദുരന്തബാധിത പ്രദേശമായി കണക്കാക്കുന്നതിനുള്ള കാലയളവിന്റെ പരിധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ചവയും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയവയും ആകുന്നു. കൂടാതെ, ചട്ടങ്ങളും ഉത്തരവുകളും ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ.എൻ.ജയരാജ്, എം. എൽ. എ.

# 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിൽ (2008-ലെ 18) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

5. <u>കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും</u>.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും,—

** ** ** **

(ബി) ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരുടെ സംഗതിയിൽ ദുരന്തബാധിത പ്രദേശത്തെ കടക്കാരായ മത്സ്യത്തൊഴിലാളി ന്യായയുക്തമായി നൽകേണ്ടതെന്ന് കമ്മീഷൻ കരുതുന്ന പ്രകാരമുള്ള ന്യായ പലിശ നിരക്കും, കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും ;

(സി) (ബി) ഖണ്ഡം പ്രകാരം നിശ്ചയിച്ച ന്യായപലിശ നിരക്കിന്റെയും കടത്തിന്റെ സമുചിത നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരും കടക്കാരായ മത്സ്യത്തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ ഒത്തുതീർപ്പാക്കുന്നതിനുവേണ്ടിയുള്ള അനുരഞ്ജനം ഏറ്റെടുക്കുന്നതിനും;

(ഡി) ദുരന്തബാധിത പ്രദേശത്തെ കടക്കാരായ മത്സ്യത്തൊഴിലാളികളും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണൻമാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി, ഇരു കക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസ്സാക്കുന്നതിനും ;

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിന് മുമ്പ്, ഉത്തമർണ്ണന്, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ് ;

(ഇ) ദുരന്തബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളുന്നതിനും പലിശനിരക്ക് ഇളവു ചെയ്യുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പാ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനുമായി ഉത്തമർണ്ണൻമാരുമായി കൂടിയാലോചനകളിൽ ഏർപ്പെടുന്നതിനും ;

** ** ** **

(2) ദുരന്തബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉത്തമർണ്ണന്മാർക്ക് തിരിച്ചടയ്ക്കുന്നത്, മത്സ്യലഭ്യതയിലെ കുറവ്, വിലയിടിവ്, പ്രകൃതിക്ഷോഭംമൂലമുള്ള നഷ്ടം മുതലായവ

പരിഗണിച്ചുകൊണ്ട്, ആറുമാസത്തിനും ഒരു വർഷത്തിനുമിടയിലുള്ള സമയ പരിധിയിൽ കവിയാത്തതുമായ കാലയളവിലേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് :

** ** ** **

(7) (2)-ാം ഉപവകുപ്പിലേയോ 9 എ വകുപ്പിലെയോ 11-ാം വകുപ്പിലെയോ ഏതെങ്കിലും വ്യവസ്ഥയ്ക്കോ, അങ്ങനെയുള്ള വ്യവസ്ഥകൾ പ്രകാരം സർക്കാരോ കമ്മീഷനോ പുറപ്പെടുവിക്കുന്ന ഉത്തരവിനോ അവാർഡിനോ എതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി, ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ ഏതൊരാളും സ്വീകരിച്ചാൽ അയാൾക്കെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

** ** ** **

6. ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കൽ.—(2) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2007 ഡിസംബർ 31 വരെയുള്ള മത്സ്യത്തൊഴിലാളികളുടെ എല്ലാ കടങ്ങളും സംബന്ധിച്ച് കേരള സംസ്ഥാനമൊട്ടാകെ ദുരന്തബാധിത പ്രദേശമായി കണക്കാക്കേണ്ടതാണ്.

** ** ** **

9 എ. കടൽക്ഷോഭമോ, മറ്റ് ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കൽ.—

** ** ** **

(3) (1)-ാം. ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ, കടാശ്വാസത്തിന് അർഹതയില്ലായെന്ന് കമ്മീഷൻ കണ്ടെത്തുന്നതുവരെയോ, മത്സ്യത്തൊഴിലാളി അടച്ചു തീർക്കേണ്ട കുടിശ്ശിക തുക വസൂലാക്കുന്നതിന് ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ യാതൊരാളും യാതൊരു നടപടിയും അങ്ങനെയുള്ള മത്സ്യത്തൊഴിലാളിക്ക് എതിരായി പുതുതായി എടുക്കാൻ പാടില്ലാത്തതും, അങ്ങനെ ആരംഭിച്ചതോ, നടത്തിവരുന്നതോ ആയ ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ അപ്പീലോ ഹർജിയോ മറ്റു നടപടിയോ ഉണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കേണ്ടതുമാണ്.

** ** ** **